16-7-2004-ലേക്ക് നിശ്ചയിച്ചിരുന്ന നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ (†)

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള സൊസൈറ്റിയുടെ ഘടന

219 [363] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

" എ. കെ. ബാലൻ:

" എം. വി. ജയരാജൻ:

" മത്തായി ചാക്കോ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്കുകളുടെ വികസനത്തിനായി ധനം കണ്ടെത്തുന്നതിനും പോളിടെക്നിക്കുകളുടെ വിഭവശേഷി ഉപയോഗപ്പെടുത്തുന്നതിനും ഉള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവ കൂടി ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനായി സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള സെന്റർ ഫോർ കണ്ടന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള എന്ന സൊസൈറ്റിയുടെ ഘടന വ്യക്തമാക്കാമോ;

(ഡി) സൊസൈറ്റിയുടെ ചുമതലകൾ എന്തെല്ലാമാണ്;

(ഇ) ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്?

ഉത്തരം

(എ) തൊഴിലില്ലാത്ത യുവാക്കൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുക. ചെറുകിട വ്യവസായികൾക്കും ബിസിനസ്സുകാർക്കും അവരുടെ നേതൃത്വപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുവേണ്ടി പാർട്ട് ടൈം ആയും ഫുൾ ടൈം ആയും പ്രോഗ്രാമുകൾ നടത്തുക, പുതിയ ടെക്നോളജിക്കനുസരിച്ച് ഉദ്യോഗാർത്ഥികളെ വാർത്തെടുക്കുക, വ്യവസായങ്ങളും വിദ്യാലയങ്ങളുമായി സഹകരണം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ തുടർവിദ്യാഭ്യാസ പരിപാടികൾ പോളിടെക്നിക്കുകൾ വഴി നടപ്പാക്കിവരുന്നു. പദ്ധതിയിൽനിന്ന് ലഭിക്കുന്ന വരുമാനം അടിസ്ഥാന സൗകര്യ വികസനം റിപ്പയർ ആന്റ് മെയിന്റനൻസ്, അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഉന്നമനം എന്നീ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു.

† കർക്കിടക വാവ് പ്രമാണിച്ച് 16-7-2004-ന് സഭ സമ്മേളിക്കാത്തിരുന്നതിനാൽ അന്നത്തേക്ക് നിശ്ചയിച്ചിരുന്ന ചോദ്യോത്തരങ്ങൾ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എന്ന നിലയിൽ കൊടുത്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർ വിദ്യാഭ്യാസ പദ്ധതി, എഞ്ചിനീയറിംഗ്, ആർട്സ് ആന്റ് സയൻസ് കോളേജുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നിലവിൽ 41 പോളിടെക്നിക്ക് കോളേജുകളിലും 9 എഞ്ചിനീയറിംഗ് കോളേജുകളിലും 24 ആർട്സ് ആന്റ് സയൻസ് കോളേജുകളിലും പദ്ധതി നടപ്പാക്കുന്നുണ്ട്.

(സി) ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റിബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണിത് വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ സെക്രട്ടറി വൈസ്ചെയർമാനും, പ്ലാനിംഗ് വകുപ്പ്, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിമാർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, സീനിയർ ജോയിന്റ് ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ഡയറക്ടർ തുടങ്ങിയവരടങ്ങിയ 15 അംഗ കമ്മിറ്റിയാണ് ഇതിന്റെ ഗവേർണിംഗ് ബോഡി.

(ഡി) സൊസൈറ്റിയുടെ ചുമതലകൾ ഇപ്രകാരമാണ്.

1. തൊഴിൽ രഹിതരായ യുവജനങ്ങളുടെ ഉദ്യോഗലഭ്യത വർദ്ധിപ്പിക്കാനുതകുന്ന പരിശീലനം നൽകുക.

2. ചെറുകിട വ്യാപാര, വ്യവസായ മേഖലയിൽ ആവശ്യമായ മാനേജ്മെന്റ് വൈദഗ്ദ്ധ്യം സൃഷ്ടിക്കുവാനുതകുന്ന, പാർട്ട് ടൈം ഔപചാരിക, അനൗപചാരിക കോഴ്സുകൾ നടത്തുക.

3. പ്രാദേശികമായി ലഭ്യമായ വിഭവശേഷി ഉപയോഗിച്ച് ചെറുകിട വ്യാപാര വികസനത്തിനാവശ്യമായ പരിശീലനം നൽകുക.

4. വ്യവസായ വാണിജ്യ മേഖലയുടെ പ്രത്യേക ആവശ്യങ്ങൾക്കനുസൃതമായ തൊഴിലധിഷ്ഠിത പരിശീലനം ലഭ്യമാക്കുക.

5. വ്യവസായ, വാണിജ്യ, സേവന മേഖലകളിൽ നിലവിലുള്ള പ്രൊഫഷണലുകളേയും എക്സിക്യൂട്ടീവുകളേയും സാങ്കേതിക മാനേജ്മെന്റ് വൈദഗ്ദ്ധ്യത്തിലെ നൂതന മാറ്റങ്ങൾക്കനുസരിച്ച് പുന:പരിശീലനം നൽകുക.

6. സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും, സാങ്കേതികവിദ്യയിലെ കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളുവാനുമുള്ള പരിശീലനം നൽകുക.

7. വ്യവസായ വാണിജ്യ മേഖലകളിൽ പങ്കാളികളെ കണ്ടെത്തി അവർക്കാവശ്യമായ മനുഷ്യവിഭവശേഷി നിർണ്ണയിക്കുകയും അതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

8. അടിസ്ഥാന മേഖലയുടെ പരിശീലന ആവശ്യകത നിർണ്ണയിച്ച് അനുസൃതമായ പരിശീലന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

9. ഉന്നതവിദ്യാഭ്യാസ രംഗത്ത് 'സെന്റേർസ് ഓഫ് എക്സലൻസുകൾ' സ്ഥാപിക്കുക.

10. വൈദഗ്ദ്ധ്യ വികസനത്തിന് പ്രാദേശികമായി ആവശ്യമായ കോഴ്സുകൾ നടത്തുക.

11. റഗുലർ, വിദൂര വിദ്യാഭ്യാസ കോഴ്സുകൾക്കാവശ്യമായ പരിശീലന സഹായികൾ വികസിപ്പിക്കുക; അവ പ്രസിദ്ധീകരിക്കുക.

12. വിദൂര വിദ്യാഭ്യാസത്തിനും, ഓപ്പൺ ലേണിംഗിനും പ്രാപ്തമായ മേഖലകൾ കണ്ടെത്തി അവയ്ക്കനുസൃതമായ കോഴ്സുകൾ വിഭാവനം ചെയ്ത് നടപ്പിലാക്കുക.

13. തൊഴിൽ സാദ്ധ്യത ഏറെയുള്ള മേഖലകൾ കണ്ടെത്തി അതനുസരിച്ചുള്ള പ്രാഗൽഭ്യം വികസിപ്പിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

14. സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ മറ്റ് പ്രവർത്തികൾ ഏറ്റെടുക്കുക.

(ഇ) സ്ഥാപനങ്ങളുടെ പേരുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

എസ്. എസ്. എ. പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പരിപാടികൾ

220 [364] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. പിരപ്പൻകോട് മുരളി:

,, സാജു പോൾ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിയുടെ ലക്ഷ്യം നേടുന്നതിനായി സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണ്;

(ബി) എല്ലാ കുട്ടികളെയും 2003 വർഷത്തോടെ സ്കൂളിലെത്തിക്കുക എന്ന ലക്ഷ്യം പൂർത്തിയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly